ക്ലാസ്
**6**

# മതബോധനകേന്ദ്രം
## മാനന്തവാടി രൂപത
Second Semester Examination 2025-26

| | |
|---|---|
| **ആകെ മാർക്ക് : 80** | |
| പാർട്ട് 1 : 60 | |
| പാർട്ട് 2 : 20 | |
| **സമയം : 2 മണിക്കൂർ** | |

**പേര്, വീട്ടുപേര്** :

## പാർട്ട് 1

**പൂരിപ്പിക്കുക..** **6×1=6**

1. ക്രിസ്തീയ ജീവിതത്തിന്റെ കേന്ദ്രമാണ് ..........................................................................................................................
2. ഗുരുവിനോടൊത്ത് വസിച്ച് ഗുരുവിനെ മനസ്സിലാക്കി ഗുരുസ്നേഹം അനുഭവിക്കുന്നവനാണ്

   ..................................................................................................
3. മാർത്തോമാശ്ലീഹായെക്കുറിച്ച് വളരെയധികം വിവരണങ്ങൾ നൽകുന്ന ഒരു അപ്രാമാണിക ഗ്രന്ഥമാണ്

   ..................................................................................................
4. ഈശോ പറഞ്ഞു "ഏഴല്ല ....................................................................................... പ്രാവശ്യം ക്ഷമിക്കണമെന്ന്"
5. മരണത്തേക്കുറിച്ച് ഈശോ നൽകിയ മൂന്ന് പ്രവചനങ്ങളും അവസാനിക്കുന്നത്

   ........................................................................................................... അറിയിപ്പിലാണ്.
6. ആരാധനക്രമവത്സരത്തിലെ ശ്ലീഹാക്കാലം ......................................................................................................... തിരുനാളോടുകൂടിയാണ് ആരംഭിക്കുന്നത്.

**ചേരുംപടി ചേർക്കുക.** **6×1=6**

| | | | |
|---|---|---|---|
| 7. | പരിശുദ്ധാത്മാവിന്റെ സുവിശേഷം | – | നിയമം |
| 8. | മോശ | – | ഗുരു |
| 9. | ഏലിയ | – | മാർതോമ്മാ ഞായർ |
| 10. | റബ്ബോനി | – | ഈശോ പ്രത്യക്ഷപ്പെട്ടു |
| 11. | പുതുഞായർ | – | അപ്പസ്തോലപ്രവർത്തനങ്ങൾ |
| 12. | എമ്മാവൂസ് | – | പ്രവാചകന്മാർ |

**ആരാണ് പറഞ്ഞത് എന്നെഴുതുക.** **6×1=6**

13. "നിങ്ങൾ പശ്ചാത്തപിക്കുവിൻ, പാപമോചനത്തിനായി എല്ലാവരും യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം സ്വീകരിക്കുവിൻ." [ ]
14. "പിതാവേ, അവരോട് ക്ഷമിക്കണമേ, അവർ ചെയ്യുന്നതെന്തെന്ന് അവർ അറിയുന്നില്ല." [ ]
15. "എന്റെ കർത്താവേ, എന്റെ ദൈവമേ" [ ]
16. "അവിശ്വാസിയാകാതെ വിശ്വാസിയായിരിക്കുക" [ ]
17. "ഇത് ചെയ്യാൻ നിനക്ക് അധികാരം ഉണ്ടെന്നതിന് എന്തടയാളമാണ് നീ ഞങ്ങളെ കാണിക്കുക." [ ]
18. "അവൻ ഇവിടെയില്ല, അരുളിച്ചെയ്തതുപോലെ അവൻ ഉയിർപ്പിക്കപ്പെട്ടു." [ ]

**ഒന്നോ രണ്ടോ വാക്യങ്ങളിൽ ഉത്തരമെഴുതുക.** **7×2=14**

19. എന്തിനാണ് ഈശോ വീണ്ടും വരുന്നത്?

20. ഏലിയാ-സ്ലീവാ-മൂശക്കാലത്തിലെ പ്രധാന തിരുനാൾ ഏത്? എന്നാണ് അത് ആഘോഷിക്കുന്നത്?

21. നവംബർ 21-ാം തീയതി നാം അനുസ്മരിക്കുന്നതെന്ത്?

22. സുവിശേഷസന്ദേശത്തിന്റെ ലക്ഷ്യമെന്ത്?

23. എമ്മാവൂസിലെത്തിച്ചേർന്ന ഈശോ യാത്ര തുടരുകയാണെന്ന് ഭാവിച്ചു. അപ്പോൾ ശിഷ്യന്മാർ അവനെ നിർബന്ധിച്ചുകൊണ്ട് പറഞ്ഞതെന്ത്?

24. യഹൂദപ്രമാണികൾ പീലാത്തോസിന്റെ അനുവാദത്തോടെ ഈശോയുടെ കല്ലറ മുദ്രവെച്ച് പടയാളികളെ കാവലേൽപ്പിച്ചത് എന്തുകൊണ്ട്?

25. കുരിശിൽ തന്റെ വലതുവശത്തു കിടന്ന കള്ളനോട് ഈശോ പറഞ്ഞതെന്ത്?

**മൂന്നോ നാലോ വാക്യങ്ങളിൽ ഉത്തരമെഴുതുക. (ഏതെങ്കിലും നാലെണ്ണം)** **4×4=16**

26. “ഞങ്ങൾ കർത്താവിനെ കണ്ടു” എന്ന് മറ്റ് ശിഷ്യന്മാർ പറഞ്ഞപ്പോൾ തോമാശ്ലീഹാ പറഞ്ഞ കാര്യങ്ങൾ എഴുതുക.

27. അന്ത്യവിധിയുടെ അവസരത്തിൽ മനുഷ്യപുത്രൻ വലതുവശത്തുള്ളവരോട് അരുളിച്ചെയ്യുന്നതെന്ത്?

28. ബലിയർപ്പണത്തേക്കുറിച്ചും സഹോദരരോട് ക്ഷമിക്കേണ്ടതിനെക്കുറിച്ചും ഈശോ പറയുന്നതെന്ത്?

29. **നോട്ട് കുറിക്കുക –** പന്തക്കുസ്താതിരുനാൾ

30. തോമാശ്ലീഹാ സ്ഥാപിച്ച ഏഴു പള്ളികൾ ഏവ?

**ഒരു ഖണ്ഡികയിൽ (Paragraph) ഉത്തരമെഴുതുക.** **1×5=5**

31. ഈശോ ക്ഷമിക്കുവാൻ പഠിപ്പിക്കുക മാത്രമല്ല, മാതൃക കാണിച്ചുതരികയും ചെയ്തു. ഈശോ നൽകിയ ക്ഷമയുടെ 5 മാതൃകകൾ എഴുതുക.

**ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.** **1×7=7**

32. നോമ്പുകാലത്തിന് ശേഷം വരുന്ന ആരാധാനക്രമവത്സരത്തിലെ കാലങ്ങൾ ഏവ? ഏതെങ്കിലും ഒരു കാലം വിശദമാക്കുക.

## പാർട്ട് 2

**ഉത്തരമെഴുതുക.** **3×1=3**

1. 'കണ്ണുനീരിന്റെ പുത്രൻ' എന്നു വിളിക്കപ്പെടുന്ന വിശുദ്ധൻ?

2. 'പേരില്ലാത്ത വിശുദ്ധൻ' എന്നറിയപ്പെടുന്ന വിശുദ്ധൻ?

3. 'അഗതികളുടെ അമ്മ' എന്നറിയപ്പെടുന്ന ഭാരതത്തിലെ വിശുദ്ധ?

4. വി. അൽഫോൻസാമ്മ പറഞ്ഞ ഒരു വചനം എഴുതുക. **2**

5. സഹനത്തിന്റെ സൗന്ദര്യം അൽഫോൻസാമ്മയിൽ കാണാം. സമർത്ഥിക്കുക. **2**

6. വി. വിൻസെന്റ് ഡി പോളിനെക്കുറിച്ച് നിങ്ങൾ മനസ്സിലാക്കിയ മൂന്ന് കാര്യങ്ങൾ എഴുതുക. **3**

7. ദൈവത്തിന്റെ ലക്ഷണങ്ങൾ-ഏതെങ്കിലും നാലെണ്ണം എഴുതുക. **4**

8. പ്രകാശത്തിന്റെ മൂന്നാം ദൈവരഹസ്യം എഴുതുക. **3**

9. വി. ലൂക്കായുടെ സുവിശേഷം 13 മുതൽ 24 വരെ അദ്ധ്യായങ്ങളിൽനിന്ന് നിങ്ങൾ സ്വന്തമാക്കിയ ഒരു വചനം എഴുതുക. **3**